"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - അക്കാദമികം - ആരോഗ്യ വകുപ്പിനു കീഴിലെ നേഴ്സിംഗ് സ്കൂളുകളിലെ 2024-25 അദ്ധ്യയന വർഷത്തെ ജനറൽ നഴ്സിംഗ് ആൻഡ് മിഡ്‌വൈഫറി കോഴ്സ് പ്രവേശനം - പ്രോസ്പെക്ടസ് അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (സി) വകുപ്പ്**

സ.ഉ.(കൈ) നം.121/2024/H&FWD തീയതി,തിരുവനന്തപുരം, 24-06-2024

---

പരാമർശം:- ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 27.05.2024, 13.06.2024 തീയതികളിലെ ആ.വ.ഡ/9998/2024-എം.സി.3 നമ്പർ കത്തുകൾ.

**<u>ഉത്തരവ്</u>**

ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കീഴിലുള്ള 15 ജി.എൻ.എം സ്കൂളുകളിൽ 2024-25 അദ്ധ്യയന വർഷ പ്രവേശനത്തിനായി തയ്യാറാക്കിയ പ്രോസ്പെക്ടസ് ആരോഗ്യ വകുപ്പ് ഡയറക്ടർ മേൽ പരാമർശം പ്രകാരം അംഗീകാരത്തിനായി സർക്കാരിൽ സമർപ്പിച്ചിരുന്നു.

2. സർക്കാർ സൂക്ഷ്മപരിശോധന നടത്തിയതിന്റെ അടിസ്ഥാനത്തിൽ ആരോഗ്യ വകുപ്പിന് കീഴിലെ നേഴ്സിംഗ് സ്കൂളുകളിലേയ്ക്കുള്ള 2024-25 അദ്ധ്യയന വർഷത്തെ പ്രവേശനത്തിനായി തയ്യാറാക്കിയ പ്രോസ്പെക്ടസ് ഭേദഗതികളോടെ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പ്രോസ്പെക്ടസ് അനുബന്ധമായി ചേർത്തിട്ടുണ്ട്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ചിത്ര കെ ദിവാകരൻ
ജോയിന്റ് സെക്രട്ടറി

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
രജിസ്ട്രാർ, കേരള നഴ്സസ് & മിഡ്‌വൈവ്സ് കൗൺസിൽ, തിരുവനന്തപുരം.
വിവര പൊതുജനസമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Prijith. G
Date: 24-06-2024 16:27:22
സെക്ഷൻ ഓഫീസർ

പകർപ്പ് - ബഹു.ആരോഗ്യവും വനിതാ ശിശു വികസനവും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക് (അറിവിലേയ്ക്ക്)

കേരള സർക്കാർ

# ജനറൽ നഴ്സിംഗ് & മിഡ് വൈഫറി കോഴ്സ് (GNM)

## പ്രോസ്പെക്ടസ്

## 2024

[G.O. (Ms) No. 121/2024/H&FWD തീയതി 24/06/2024 പ്രകാരം അംഗീകരിച്ചത്]

## ഉള്ളടക്കം


| ഭാഗം | ഇനം | | | പേജ് നമ്പർ |
|---|---|---|---|---|
| 1 | ആമുഖം | | | 5 |
| 2 | സ്ഥാപനങ്ങളും സീറ്റുകളുടെ എണ്ണവും | | | 5 |
| 3 | കോഴ്സ് കാലാവധി | | | 6 |
| 4 | സീറ്റ് സംവരണം | | | 6 |
| | 4.1 | സ്പോർട്സ് ക്വോട്ട | | 6 |
| | 4.2 | എസ്.എസ്.എ. ക്വോട്ട | | 7 |
| | 4.3 | പാരാമിലിട്ടറി ക്വോട്ട | | 7 |
| | 4.4 | അനാഥാലയം ക്വോട്ട | | 8 |
| | 4.5 | NCC ക്വോട്ട | | 8 |
| | 4.6 | ട്രാൻസ്ജെൻഡർ സംവരണം | | 8 |
| | 4.7 | ഭിന്നശേഷി സംവരണം | | 8 |
| | 4.8 | എ.എൻ.എം. നഴ്സസ് ക്വോട്ട | | 9 |
| | 4.9 | EWS സംവരണം | | 9 |
| | 4.10 | കൊല്ലം ആശ്രാമം ഗവ. സ്കൂൾ ഓഫ് നഴ്സിംഗ് ഫോർ SC/ST യിലേക്കുള്ള പ്രവേശനം | | 9 |
| | 4.11 | ആൻഡമാൻ നിക്കോബാർ, ലക്ഷദ്വീപ് നോമിനികൾക്കുള്ള സീറ്റ് | | 9 |
| 5 | സംവരണം ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ | | | 10 |
| | 5.1 | സ്റ്റേറ്റ് മെറിറ്റ് (SM) | | 10 |
| | 5.2 | മുന്നാക്ക വിഭാഗങ്ങളിൽ സാമ്പത്തികമായി പിന്നാക്കം നില്ക്കുന്ന വിഭാഗം (EWS) | | 10 |
| | 5.3 | സാമൂഹികമായും വിദ്യാഭ്യാസപരമായും പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങൾ (SEBC) | | 10 |
| | | 5.3.1 | മിശ്രജാതി വിവാഹിതരായ ദമ്പതികളുടെ മക്കൾക്ക് എസ്ഇബിസി പ്രകാരമുള്ള സംവരണം | 10 |
| | 5.4 | പട്ടിക ജാതിയും പട്ടിക വർഗ്ഗവും | | 11 |
| | | 5.4.1 | മിശ്രജാതി വിവാഹിതരായ ദമ്പതികളുടെ മക്കൾക്ക് പട്ടികജാതി/പട്ടികവർഗ പ്രകാരമുള്ള സംവരണം | 11 |
| | | 5.4.2 | പട്ടികജാതി/പട്ടികവർഗ അപേക്ഷകർ ലഭ്യമല്ലാത്ത സീറ്റുകളിലേക്ക് ഒഇസി അപേക്ഷകരുടെ അവകാശം | 11 |
| | 5.5 | സംവരണം സംബന്ധിച്ച മറ്റു നിബന്ധനകൾ | | 11 |

| | | | |
|---|---|---|---|
| 6 | പ്രവേശനത്തിനുള്ള യോഗ്യതാ മാനദണ്ഡങ്ങൾ | | 12 |
| | 6.1 | വിദ്യാഭ്യാസ യോഗ്യത | 12 |
| | | 6.1.1 മാർക്കിൽ ഇളവ് | 12 |
| | 6.2 | പ്രായപരിധി | 12 |
| | 6.3 | നേറ്റിവിറ്റി | 12 |
| | | 6.3.1 കേരളീയർ | 13 |
| | | 6.3.2 കേരളീയരല്ലാത്തവർ കാറ്റഗറി 1 (എൻകെ-1) | 13 |
| | | 6.3.3 കേരളീയരല്ലാത്തവർ കാറ്റഗറി 2 (എൻ.കെ 2) | 14 |
| 7 | അപേക്ഷിക്കേണ്ട വിധം | | 14 |
| | 7.1 | അപേക്ഷാ ഫീസ് | 14 |
| | 7.2 | അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട സർട്ടിഫിക്കറ്റുകൾ | 14 |
| 8 | റാങ്ക് ലിസ്റ്റ് തയ്യാറാക്കൽ | | 15 |
| | 8.1 | സെലക്ഷൻ കമ്മിറ്റി | 15 |
| | 8.2 | റാങ്കിംഗ് സമയത്ത് സമനില പരിഹരിക്കൽ | 15 |
| 9 | സർട്ടിഫിക്കറ്റ് പരിശോധന | | 16 |
| 10 | പ്രവേശനത്തിന് റിപ്പോർട്ട് ചെയ്യുന്നതിൽ വീഴ്ച | | 16 |
| 11 | പ്രവേശനം അവസാനിപ്പിക്കൽ | | 16 |
| 12 | സിലബസ് | | 16 |
| 13 | ഹോസ്റ്റൽ സൗകര്യം | | 16 |
| 14 | പ്രത്യേക ഫീസുകൾ | | 16 |
| | 14.1 | നഴ്സിംഗ് കൗൺസിൽ രജിസ്ട്രേഷൻ | 16 |
| | 14.2 | ക്വാഷൻ ഡെപ്പോസിറ്റ് | 17 |
| 15 | സ്റ്റൈപ്പന്റ് | | 17 |
| 16 | കോഴ്സ് പൂർത്തിയാക്കാതിരിക്കൽ – വ്യവസ്ഥകൾ | | 17 |
| | 16.1 | പഠനം സ്വയം ഉപേക്ഷിക്കൽ | 17 |
| | 16.2 | പിരിച്ചു വിടൽ | 17 |
| 17 | മറ്റു വ്യവസ്ഥകൾ | | 17 |
| 18 | റാഗിംഗിനെതിരായ പ്രതിരോധ നടപടികൾ | | 18 |
| 19 | മറ്റു വിവരങ്ങൾ | | 18 |

## അനുബന്ധങ്ങൾ


| ഭാഗം | ഇനം | പേജ് നമ്പർ |
|---|---|---|
| I | പ്രവേശന പ്രക്രിയ–2024 ൽ ഉൾപ്പെട്ട സ്ഥാപനങ്ങളുടെ പട്ടിക | 19 |
| II(a) | ജിഎൻഎം കോഴ്സിന്റെ സീറ്റ് വിഭജനം – 2024 | 20 |
| II(b) | ജിഎൻഎം കോഴ്സിന്റെ SEBC, SC/ST വിഭാഗങ്ങളുടെ സീറ്റ് വിഭജനം – 2024 | 21 |
| II(c) | ജിഎൻഎം കോഴ്സിന്റെ EWS സീറ്റ് വിഭജനം – 2024 | 23 |
| III(a) | പട്ടികജാതി (SC) പട്ടിക | 24 |
| III(b) | പട്ടികവർഗ്ഗ (ST) പട്ടിക | 25 |
| III(c) | യോഗ്യതയുള്ള മറ്റ് കമ്മ്യൂണിറ്റികളുടെ (OEC) പട്ടിക | 27 |
| III(d) | ഒ.ഇ.സി.ക്ക് നൽകിയിട്ടുള്ള വിദ്യാഭ്യാസ ഇളവുകൾക്ക് അർഹതയുള്ള കമ്മ്യൂണിറ്റികളുടെ പട്ടിക | 28 |
| III(e) | ക്രീമിലെയർ മാനദണ്ഡം ബാധകമായ സാമൂഹികമായും വിദ്യാഭ്യാസപരമായും പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങളുടെ (SEBC) പട്ടിക | 29 |
| IV | കേരളീയരല്ലാത്തവർ കാറ്റഗറി 1 (എൻകെ–1) ൽ ഉൾപ്പെട്ടവർക്ക് നേറ്റിവിറ്റി തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റുകൾ | 32 |
| V | ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ റാഗിംഗ് വിരുദ്ധ വിധിയിലെ വ്യവസ്ഥകൾക്കനുസൃതമായി വിദ്യാർത്ഥികളിൽ നിന്ന് ഉറപ്പ് | 34 |
| VI | അപേക്ഷകൾ അയക്കേണ്ട വിലാസം | 35 |

## 1. ആമുഖം

കേരളത്തിലെ ആരോഗ്യ വകുപ്പിന് കീഴിലുള്ള 14 സർക്കാർ നഴ്സിംഗ് സ്കൂളുകളിലും കൊല്ലം ആശ്രാമത്ത് പ്രവർത്തിക്കുന്ന പട്ടികജാതി പട്ടികവർഗക്കാർക്ക് മാത്രമായുള്ള നഴ്സിംഗ് സ്കൂളിലും 2024 ഓഗസ്റ്റ് മാസത്തിൽ ആരംഭിക്കുന്ന ജനറൽ നഴ്സിംഗ് & മിഡ് വൈഫറി കോഴ്സിന്റെ പ്രവേശനത്തിനുള്ള കേരള സർക്കാർ അംഗീകരിച്ച പ്രോസ്പെക്ടസ് ഇതോടൊപ്പം പ്രസിദ്ധീകരിക്കുന്നു. ജിഎൻഎം കോഴ്സിലേക്കുള്ള പ്രവേശനവുമായി ബന്ധപ്പെട്ട പൊതുവായ വിവരങ്ങളും നിയമങ്ങളും ഇതിൽ അടങ്ങിയിരിക്കുന്നു. വിദ്യാർത്ഥികൾ പ്രോസ്പെക്ടസ് ശ്രദ്ധാപൂർവ്വം വായിച്ച് വിവരങ്ങൾ മനസ്സിലാക്കേണ്ടതുണ്ട്. അറിയിപ്പുകൾക്കും പ്രഖ്യാപനങ്ങൾക്കുമായി ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിന്റെ വെബ്സൈറ്റ് (https://dhs.kerala.gov.in/) പതിവായി സന്ദർശിക്കാനും അഭ്യർത്ഥിക്കുന്നു.

വിദ്യാഭ്യാസ യോഗ്യതാ പരീക്ഷയിൽ ലഭിച്ച മാർക്കിന്റെ അടിസ്ഥാനത്തിൽ ജില്ലാതലത്തിൽ തയാറാക്കുന്ന റാങ്ക് ലിസ്റ്റിന്റെ അടിസ്ഥാനത്തിലാണ് മേൽപ്പറഞ്ഞ കോഴ്സിലേക്കുള്ള പ്രവേശനം നടക്കുന്നത് . അനിവാര്യമായ സന്ദർഭങ്ങളിൽ ഈ പ്രോസ്പെക്ടസ് പരിഷ്ക്കരിക്കുന്നതിനും / കൂട്ടിച്ചേർക്കുന്നതിനും / ഇല്ലാതാക്കുന്നതിനും സർക്കാരിന് അധികാരമുണ്ടായിരിക്കും.

## 2. സ്ഥാപനങ്ങളും സീറ്റുകളുടെ എണ്ണവും

| *നമ്പർ* | *സ്ഥാപനത്തിന്റെ പേര്* | *സീറ്റുകളുടെ എണ്ണം* |
|---|---|---|
| 1 | ഗവ. സ്കൂൾ ഓഫ് നഴ്സിംഗ്, തിരുവനന്തപുരം | 33 |
| 2 | ഗവ. സ്കൂൾ ഓഫ് നഴ്സിംഗ്, കൊല്ലം | 30 |
| 3 | ഗവ. സ്കൂൾ ഓഫ് നഴ്സിംഗ്, ഇലന്തൂർ, പത്തനംതിട്ട | 27 |
| 4 | ഗവ. സ്കൂൾ ഓഫ് നഴ്സിംഗ്, ആലപ്പുഴ | 30 |
| 5 | ഗവ. സ്കൂൾ ഓഫ് നഴ്സിംഗ്, മുട്ടം, ഇടുക്കി | 25 |
| 6 | ഗവ. സ്കൂൾ ഓഫ് നഴ്സിംഗ്, കോട്ടയം | 26 |
| 7 | ഗവ. സ്കൂൾ ഓഫ് നഴ്സിംഗ്, എറണാകുളം | 38 |
| 8 | ഗവ. സ്കൂൾ ഓഫ് നഴ്സിംഗ്, തൃശ്ശൂർ | 37 |
| 9 | ഗവ. സ്കൂൾ ഓഫ് നഴ്സിംഗ്, പാലക്കാട് | 30 |
| 10 | ഗവ. സ്കൂൾ ഓഫ് നഴ്സിംഗ്, മഞ്ചേരി, മലപ്പുറം | 30 |
| 11 | ഗവ. സ്കൂൾ ഓഫ് നഴ്സിംഗ്, കോഴിക്കോട് | 73 |
| 12 | ഗവ. സ്കൂൾ ഓഫ് നഴ്സിംഗ്, പനമരം, വയനാട് | 25 |
| 13 | ഗവ. സ്കൂൾ ഓഫ് നഴ്സിംഗ്, കണ്ണൂർ | 36 |
| 14 | ഗവ. സ്കൂൾ ഓഫ് നഴ്സിംഗ്, കാഞ്ഞങ്ങാട്, കാസർഗോഡ് | 25 |
| 15 | ഗവ. സ്കൂൾ ഓഫ് നഴ്സിംഗ് ഫോർ SC/ST, ആശ്രാമം, കൊല്ലം | 20 |
| | ആകെ സീറ്റുകൾ | 485 |

മുകളിൽപ്പറഞ്ഞ സീറ്റുകൾ കൂടാതെ ആൻഡമാൻ നിക്കോബാറിലെ 2 വിദ്യാർത്ഥികൾക്കും (ഗവ. സ്കൂൾ ഓഫ് നഴ്സിംഗ്, എറണാകുളം – 1, ഗവ. സ്കൂൾ ഓഫ് നഴ്സിംഗ്, കോഴിക്കോട് – 1) ലക്ഷദ്വീപിലെ 2 വിദ്യാർത്ഥികൾക്കും (ഗവ. സ്കൂൾ ഓഫ് നഴ്സിംഗ്, എറണാകുളം – 1, ഗവ. സ്കൂൾ ഓഫ് നഴ്സിംഗ്, കോഴിക്കോട് – 1) പ്രവേശനം നൽകുന്നു.

### 3. കോഴ്സ് കാലാവധി

മൂന്നു വർഷമാണ് GNM കോഴ്സ് കാലാവധി (ഇന്ത്യൻ നഴ്സിംഗ് കൗൺസിലിന്റെ പുതുക്കിയ സിലബസ് പ്രകാരം). കോഴ്സ് കാലാവധിക്കുള്ളിലെ അവസാന 6 മാസം ഇന്റേൺഷിപ്പ് കാലയളവ് ആയിരിക്കും. കോഴ്സ് ആരംഭിച്ച് 6 വർഷത്തിനുള്ളിൽ കോഴ്സ് പാസ്സായിരിക്കണം. അതിനു ശേഷം പരീക്ഷ എഴുതാൻ അവസരം ലഭിക്കുന്നതല്ല.

### 4. സീറ്റ് സംവരണം

G.O. (P) 208/66/Edn., തീയതി 02.05.1966, G.O. (MS) No. 95/08/SCSTDD, തീയതി 06/10/2008, G.O (MS) No. 10/2014/BCDD, തീയതി 23/05/2014, G.O (MS) No. 128/2020/HEdn, തീയതി 20.3.2020 എന്നിവയിൽ നിർദ്ദേശിച്ചിട്ടുള്ള നിർബന്ധിത സംവരണ തത്വം അനുസരിച്ചും കാലാകാലങ്ങളിൽ പരിഷ്കരിച്ചും സീറ്റുകൾ വിതരണം ചെയ്യുന്നു. നിർബന്ധിത സംവരണം അനുസരിച്ച് സീറ്റുകളുടെ വിഭജന ശതമാനം ഇപ്രകാരമാണ്:

| നമ്പർ | | വിഭാഗം | | ശതമാനം |
|---|---|---|---|---|
| 1 | സ്റ്റേറ്റ് മെറിറ്റ് (SM) | | | 50% |
| 2 | മുന്നാക്ക വിഭാഗങ്ങളിൽ സാമ്പത്തികമായി പിന്നാക്കം നില്ക്കുന്ന വിഭാഗം (EWS) | | | 10% |
| 3 | സാമൂഹികമായും വിദ്യാഭ്യാസപരമായും പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങൾ (SEBC) | | | 30% |
| | a) | ഈഴവ / തിയ്യ / ബില്ലവ (ETB) | 9% | |
| | b) | മുസ്ലിം (MU) | 8% | |
| | c) | മറ്റു പിന്നാക്ക ഹിന്ദു സമുദായങ്ങൾ (OBH) | 3% | |
| | d) | ലാറ്റിൻ കാത്തലിക് & ആംഗ്ലോ ഇന്ത്യൻ (LC) | 3% | |
| | e) | ധീവരയും അനുബന്ധ വിഭാഗങ്ങളും (DV) | 2% | |
| | f) | വിശ്വകർമ്മയും അനുബന്ധ വിഭാഗങ്ങളും (VK) | 2% | |
| | g) | കുശവനും അനുബന്ധ വിഭാഗങ്ങളും (KN) | 1% | |
| | h) | മറ്റു പിന്നാക്ക ക്രിസ്തീയ സമുദായങ്ങൾ (OBX) | 1% | |
| | i) | കുടുംബി (KU) | 1% | |
| 4 | പട്ടിക ജാതിയും പട്ടിക വർഗ്ഗവും | | | 10% |
| | a) | പട്ടിക ജാതി (SC) | 8% | |
| | b) | പട്ടിക വർഗം (ST) | 2% | |

സംവരണ സീറ്റുകളുടെ വിഭജനം അനുബന്ധം II(a), II(b), II(c) എന്നിവയിൽ നൽകിയിരിക്കുന്നു.

### 4.1. സ്പോർട്സ് ക്വോട്ട

മെറിറ്റ് അടിസ്ഥാനത്തിലുള്ള സീറ്റുകളിൽ നിന്ന് ഓരോ ജില്ലയിലും ഓരോ സീറ്റ് വീതം സ്പോർട്സ് കൗൺസിൽ ശിപാർശ ചെയ്യുന്ന അപേക്ഷകർക്ക് വേണ്ടി നീക്കി വച്ചിരിക്കുന്നു. സ്പോർട്സ് ക്വോട്ടയിൽ അഡ്മിഷൻ നേടുന്നതിന് അപേക്ഷിക്കുന്നവർ കേരളാ സ്പോർട്സ് കൗൺസിൽ അംഗീകരിച്ചിട്ടുള്ള യോഗ്യത ഉള്ളവരായിരിക്കണം . പൂരിപ്പിച്ച

അപേക്ഷ, അപേക്ഷിക്കുന്ന നഴ്സിംഗ് സ്കൂളിൽ നൽകുകയും അതിന്റെ ഒരു കോപ്പി സെക്രട്ടറി , കേരളാ സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ, തിരുവനന്തപുരം എന്ന വിലാസത്തിൽ അയക്കുകയും ചെയ്യണം. നഴ്സിംഗ് സ്കൂളിൽ അപേക്ഷ സമർപ്പിക്കാത്തവരെ അഡ്മിഷന് പരിഗണിക്കുന്നതല്ല . അപേക്ഷകർ കായിക രംഗത്ത് തെളിയിച്ച മികവിനെയും വിദ്യാഭ്യാസ യോഗ്യതക്ക് ലഭിച്ച മാർക്കിനെയും 100 ൽ വീതം കണക്കാക്കി ആകെ 200 ൽ ലഭിച്ച മാർക്കിന്റെ അടിസ്ഥാനത്തിൽ മെറിറ്റ് തീരുമാനിക്കുന്നതാണ്. സംസ്ഥാന സ്പോർട്സ് കൗൺസിൽ സെക്രട്ടറി ശിപാർശ ചെയ്യുന്നവരെ മാത്രമേ സ്പോർട്സ് ക്വോട്ടയിൽ പരിഗണിക്കുകയുള്ളൂ . ഓരോ ജില്ലക്കും സ്പോർട്സ് ക്വോട്ടയിൽ അനുവദിച്ച സീറ്റിലേക്ക് അതാത് ജില്ലയിൽ അപേക്ഷിച്ചവരെ മാത്രമേ പരിഗണിക്കൂ. മറ്റു ജില്ലകളിൽ അപേക്ഷിച്ചവരെ ശിപാർശ ചെയ്താൽ പരിഗണിക്കുന്നതല്ല. ജില്ലാ സെക്രട്ടറിമാരുടെ ശിപാർശകൾ പരിഗണിക്കുന്നതല്ല.

**4.2. എസ്.എസ്.എ. ക്വോട്ട**

മെറിറ്റ് അടിസ്ഥാനത്തിലുള്ള സീറ്റുകളിൽ നിന്ന് ഓരോ ജില്ലയിലും ഓരോ സീറ്റ് വീതം സംസ്ഥാന സൈനിക-നാവിക- വൈമാനിക ബോർഡ് ശിപാർശ ചെയ്യുന്ന എക്സ് സർവീസുകാരുടെയും പ്രതിരോധ സേനയിൽ സേവനത്തിലിരിക്കവേ മരണപ്പെട്ടവരുടെയും കാണാതായവരുടെയും ആശ്രിതർക്കും സന്താനങ്ങൾക്കും ആയി നീക്കിവച്ചിരിക്കുന്നു. ഈ വിഭാഗത്തിൽപ്പെട്ടവർ അപേക്ഷകൾ നഴ്സിംഗ് സ്കൂളിൽ നൽകുകയും അതിന്റെ ഒരു കോപ്പി സംസ്ഥാന സൈനിക-നാവിക- വൈമാനിക ബോർഡ് സെക്രട്ടറിക്ക് സമർപ്പിക്കുകയും ചെയ്യണം.

**4.3. പാരാമിലിട്ടറി ക്വോട്ട**

മെറിറ്റ് അടിസ്ഥാനത്തിലുള്ള സീറ്റുകളിൽ നിന്ന് ഒരു സീറ്റ് പാരാമിലിട്ടറി / എക്സ് പാരാമിലിറ്ററി ജീവനക്കാരുടെയോ സേവനത്തിലിരിക്കവേ മരണപ്പെട്ടവരുടെയോ കാണാതായവരുടെയോ ആശ്രിതർക്കും സന്താനങ്ങൾക്കും ആയി നീക്കിവച്ചിരിക്കുന്നു. ഈ സീറ്റ് ഓരോ ജില്ലക്കും റോട്ടേഷൻ അടിസ്ഥാനത്തിൽ നൽകുന്നതാണ്. 2024 ലെ പ്രവേശനത്തിനുള്ള പ്രസ്തുത സീറ്റ് ഇടുക്കി ജില്ലക്കാണ് നീക്കി വച്ചിരിക്കുന്നത് . പ്രസ്തുത സീറ്റിലേക്കുള്ള അപേക്ഷകൾ ഇടുക്കി നഴ്സിംഗ് സ്കൂളിലേക്ക് അയക്കേണ്ടതാണ്.

പാരാമിലിറ്ററി കാറ്റഗറിയിൽ ഉൾപ്പെടുന്ന സേനാവിഭാഗങ്ങൾ താഴെ ചേർക്കുന്നു:

1. ആസാം റൈഫിൾസ്
2. ബി.എസ്.എഫ്.
3. സി.ആർ.പി.എഫ്.
4. ഐ.ടി.ബി.പി.
5. ആർ.പി.എഫ്.
6. സെൻട്രൽ സെക്രട്ടേറിയറ്റ് ഫോഴ്സ്
7. സി.ഐ.എസ്.എഫ്.
8. ജി.ആർ.ഇ.എഫ്.

സേവന രംഗത്തുള്ളവർ അത് തെളിയിക്കുന്നതിനായി അവരുടെ മേലധികാരിയിൽ നിന്നുള്ള സർട്ടിഫിക്കറ്റും സേവനത്തിൽ നിന്ന് വിരമിച്ചവർ വിടുതൽ സർട്ടിഫിക്കറ്റും അപേക്ഷകർക്ക് പ്രസ്തുത ജീവനക്കാരുമായുള്ള ബന്ധം തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളും അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്.

ലഭ്യമായ അപേക്ഷകളിൽ ഏറ്റവും കൂടുതൽ മാർക്ക് നേടിയ വിദ്യാർത്ഥിക്ക് പ്രവേശനം നൽകുന്നതാണ്. ഈ സീറ്റിലേക്കുള്ള പ്രവേശനം സെലക്ഷൻ ബോർഡിന്റെ അന്തിമ തീരുമാനത്തിന് വിധേയമായിട്ടായിരിക്കും.

**4.4. അനാഥാലയം ക്വോട്ട**

മെറിറ്റ് അടിസ്ഥാനത്തിലുള്ള സീറ്റുകളിൽ നിന്ന് മൂന്ന് സീറ്റ് അനാഥാലയം അന്തേവാസികൾക്കായി നീക്കിവച്ചിരിക്കുന്നു. ഈ സീറ്റ് മൂന്ന് നഴ്സിംഗ് സ്കൂളുകളിലായി റോട്ടേഷൻ അടിസ്ഥാനത്തിൽ നൽകുന്നതാണ്. 2024 ലെ പ്രവേശനത്തിനുള്ള പ്രസ്തുത സീറ്റുകൾ കൊല്ലം, കോട്ടയം, പാലക്കാട് എന്നീ ജില്ലകളിലെ നഴ്സിംഗ് സ്കൂളുകളിലേക്കാണ് നീക്കി വച്ചിരിക്കുന്നത്. സാമൂഹിക നീതി വകുപ്പ് ഡയറക്ടർ പ്രോസ്പെക്ടസിനു വിധേയമായി അപേക്ഷ സ്വീകരിച്ച് ആയതിൽ നിന്നും മൂന്നു പേരെ തെരഞ്ഞെടുത്ത് ആയതിന്റെ ശിപാർശ പ്രസ്തുത നഴ്സിംഗ് സ്കൂൾ പ്രിൻസിപ്പൽമാർക്കും പകർപ്പ് അതാത് ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും സമർപ്പിക്കേണ്ടതാണ്.

**4.5. NCC ക്വോട്ട**

മെറിറ്റ് അടിസ്ഥാനത്തിലുള്ള സീറ്റുകളിൽ നിന്ന് രണ്ട് സീറ്റ് NCC കേഡറ്റുകൾക്കായി നീക്കിവച്ചിരിക്കുന്നു. ഈ സീറ്റ് രണ്ട് നഴ്സിംഗ് സ്കൂളുകളിലായി റോട്ടേഷൻ അടിസ്ഥാനത്തിൽ നൽകുന്നതാണ്. 2024 ലെ പ്രവേശനത്തിനുള്ള പ്രസ്തുത സീറ്റുകൾ തിരുവനന്തപുരം, പത്തനംതിട്ട എന്നീ ജില്ലകളിലെ നഴ്സിംഗ് സ്കൂളുകളിലേക്കാണ് നീക്കി വച്ചിരിക്കുന്നത്. NCC അഡീഷണൽ ഡയറക്ടർ ജനറൽ പ്രോസ്പെക്ടസിനു വിധേയമായി അപേക്ഷ സ്വീകരിച്ച് ആയതിൽ നിന്നും രണ്ടു പേരെ തെരഞ്ഞെടുത്ത് ആയതിന്റെ ശിപാർശ പ്രസ്തുത നഴ്സിംഗ് സ്കൂൾ പ്രിൻസിപ്പൽമാർക്കും പകർപ്പ് അതാത് ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും സമർപ്പിക്കേണ്ടതാണ്.

**4.6. ട്രാൻസ്ജെൻഡർ സംവരണം**

27/07/2023 ലെ G.O. (Ms) No. 172/2023/H&FWD സർക്കാർ ഉത്തരവ് പ്രകാരം മെറിറ്റ് അടിസ്ഥാനത്തിലുള്ള സീറ്റുകളിൽ നിന്ന് ഒരു സീറ്റ് ട്രാൻസ്ജെൻഡർ വിഭാഗത്തിനായി നീക്കിവച്ചിരിക്കുന്നു. ഈ സീറ്റ് തെരഞ്ഞെടുക്കപ്പെടുന്ന വിദ്യാർത്ഥി ഏത് ജില്ലയിലേക്കാണോ അപേക്ഷിച്ചത് ആ ജില്ലയിൽ നൽകുന്നതാണ്. ട്രാൻസ്ജെൻഡർ ക്വോട്ടയിൽ അപേക്ഷിക്കുന്ന വിദ്യാർഥികൾ പൂരിപ്പിച്ച അപേക്ഷകൾ ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം , ജനറൽ ഹോസ്പിറ്റൽ ജംഗ്ഷൻ, വഞ്ചിയൂർ പി.ഒ., തിരുവനന്തപുരം, പിൻ – 695035 എന്ന വിലാസത്തിൽ നിശ്ചിത സമയപരിധിക്കകം സമർപ്പിക്കേണ്ടതാണ്. ട്രാൻസ്ജെൻഡർ അപേക്ഷകരുടെ അഭാവത്തിൽ പ്രസ്തുത സീറ്റ് ജനറൽ മെറിറ്റിൽ നിന്ന് നികത്തുന്നതാണ്.

**4.7. ഭിന്നശേഷി സംവരണം**

പേർസണൽ ഡിസബിലിറ്റീസ് ആക്ട് 2016 ന്റെ ചാപ്റ്റർ VI, സെക്ഷൻ 32 ൽ നിഷ്കർഷിച്ചിരിക്കുന്നതുപോലെ, എല്ലാ കോഴ്സുകളിലും സംസ്ഥാനത്തിന് ലഭ്യമായ സീറ്റുകളിൽ അഞ്ച് ശതമാനം ബെഞ്ച്മാർക്ക് വൈകല്യമുള്ള അപേക്ഷകർക്കായി നീക്കിവച്ചിരിക്കുന്നു . 'ബെഞ്ച്മാർക്ക് വൈകല്യമുള്ള വ്യക്തി ' എന്നാൽ നിർദ്ദിഷ്ട വൈകല്യത്തിന്റെ 40% ൽ കുറയാത്ത ഒരു വ്യക്തി എന്നാണ് അർത്ഥമാക്കുന്നത്.

എന്നാൽ ഇന്ത്യൻ നഴ്സിംഗ് കൗൺസിലിന്റെ F.No.1-5/2018/INC, തീയതി 10/04/2019 നമ്പർ വിജ്ഞാപനം അനുസരിച്ച്, നഴ്സിംഗ് വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ, "40% മുതൽ 50% വരെ ചലന (ലോക്കോമോട്ടർ) വൈകല്യമുള്ളവരെ 5% ഭിന്നശേഷി സംവരണത്തിൽ പരിഗണിക്കും". ആയതിനാൽ ആകെ സീറ്റുകളുടെ 5%, 40% മുതൽ 50% വരെ ചലന (ലോക്കോമോട്ടർ) വൈകല്യമുള്ളവർക്കായി മാറ്റി വച്ചിരിക്കുന്നു.

പൂരിപ്പിച്ച അപേക്ഷകൾ, വൈകല്യത്തിന്റെ ശതമാനം സാക്ഷ്യപ്പെടുത്തുന്ന ജില്ലാ മെഡിക്കൽ ബോർഡിൽ നിന്നുള്ള ഡിസബിലിറ്റി സർട്ടിഫിക്കറ്റിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് സഹിതം ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം, ജനറൽ ഹോസ്പിറ്റൽ ജംഗ്ഷൻ,

വഞ്ചിയൂർ പി.ഒ., തിരുവനന്തപുരം, പിൻ – 695035 എന്ന വിലാസത്തിൽ സമർപ്പിക്കേണ്ടതാണ്. 40% മുതൽ 50% വരെ ചലന (ലോക്കോമോട്ടർ) വൈകല്യമുള്ള അപേക്ഷകരുടെ അഭാവത്തിൽ പ്രസ്തുത സീറ്റ് ജനറൽ മെറിറ്റിൽ നിന്ന് നികത്തുന്നതാണ്.

**4.8. എ.എൻ.എം. നഴ്സസ് ക്വോട്ട**

മെറിറ്റ് അടിസ്ഥാനത്തിലുള്ള സീറ്റുകളിൽ നിന്ന് 1% സീറ്റ് രജിസ്ട്രേഡ് എ.എൻ.എം. നഴ്സുമാർക്കായി നീക്കിവച്ചിരിക്കുന്നു. ഈ സീറ്റ് രണ്ട് നഴ്സിംഗ് സ്കൂളുകളിലായി റോട്ടേഷൻ അടിസ്ഥാനത്തിൽ നൽകുന്നതാണ്. 2024 ലെ പ്രവേശനത്തിനുള്ള പ്രസ്തുത സീറ്റുകൾ എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിലെ നഴ്സിംഗ് സ്കൂളുകളിലേക്കാണ് നീക്കി വച്ചിരിക്കുന്നത്. എ.എൻ.എം. നഴ്സസ് ക്വോട്ടയിൽ അപേക്ഷിക്കുന്നവർ പൂരിപ്പിച്ച അപേക്ഷകൾ ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം, ജനറൽ ഹോസ്പിറ്റൽ ജംഗ്ഷൻ, വഞ്ചിയൂർ പി.ഒ., തിരുവനന്തപുരം, പിൻ – 695035 എന്ന വിലാസത്തിൽ സമർപ്പിക്കേണ്ടതാണ്. എ.എൻ.എം. നഴ്സസ് ക്വോട്ടയിലേക്കുള്ള അപേക്ഷകരുടെ അഭാവത്തിൽ പ്രസ്തുത സീറ്റ് ജനറൽ മെറിറ്റിൽ നിന്ന് നികത്തുന്നതാണ്.

**4.9. EWS സംവരണം**

സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന മുന്നാക്ക സമുദായ (EWS) അംഗങ്ങൾക്ക് 10% സീറ്റ് നീക്കിവച്ചിരിക്കുന്നു. ഈ വിഭാഗത്തിൽ അപേക്ഷിക്കുന്ന വിദ്യാർത്ഥികൾ പൂരിപ്പിച്ച അപേക്ഷകൾ EWS സർട്ടിഫിക്കറ്റിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് സഹിതം പ്രവേശനം ആഗ്രഹിക്കുന്ന നഴ്സിംഗ് സ്കൂളിലേക്ക് സമർപ്പിക്കേണ്ടതാണ്. EWS അപേക്ഷകരുടെ അഭാവത്തിൽ പ്രസ്തുത സീറ്റ് ജനറൽ മെറിറ്റിൽ നിന്ന് നികത്തുന്നതാണ്.

**4.10. കൊല്ലം ആശ്രാമം ഗവ. സ്കൂൾ ഓഫ് നഴ്സിംഗ് ഫോർ SC/ST യിലേക്കുള്ള പ്രവേശനം**

കൊല്ലം ആശ്രാമത്ത് പ്രവർത്തിക്കുന്ന പട്ടികജാതി പട്ടികവർഗ വിദ്യാർത്ഥികൾക്കു മാത്രമായുള്ള നഴ്സിംഗ് സ്കൂളിലേക്ക് അപേക്ഷിക്കുന്നവർ പ്രിൻസിപ്പാൾ , സ്കൂൾ ഓഫ് നഴ്സിംഗ് ഫോർ SC/ST, ആശ്രാമം, കൊല്ലം എന്ന വിലാസത്തിൽ അപേക്ഷിക്കേണ്ടതാണ്.

**4.11. ആൻഡമാൻ നിക്കോബാർ, ലക്ഷദ്വീപ് നോമിനികൾക്കുള്ള സീറ്റ്**

കേന്ദ്രഭരണ പ്രദേശമായ ആൻഡമാൻ നിക്കോബാർ, ലക്ഷദ്വീപ് എന്നിവിടങ്ങളിൽ സ്ഥിര താമസമാക്കിയ കേരള വംശജർക്കായി ഈ സീറ്റുകൾ നീക്കിവച്ചിരിക്കുന്നു. ആൻഡമാൻ നിക്കോബാറിലെ 2 വിദ്യാർത്ഥികളുടെയും (ഗവ. സ്കൂൾ ഓഫ് നഴ്സിംഗ്, എറണാകുളം – 1, ഗവ. സ്കൂൾ ഓഫ് നഴ്സിംഗ്, കോഴിക്കോട് – 1) ലക്ഷദ്വീപിലെ 2 വിദ്യാർത്ഥികളുടെയും (ഗവ. സ്കൂൾ ഓഫ് നഴ്സിംഗ്, എറണാകുളം – 1, ഗവ. സ്കൂൾ ഓഫ് നഴ്സിംഗ്, കോഴിക്കോട് – 1) പ്രവേശനം ആൻഡമാൻ നിക്കോബാർ, ലക്ഷദ്വീപ് അഡ്മിനിസ്ട്രേഷനുകളിൽ നിന്നുള്ള ശിപാർശയുടെ അടിസ്ഥാനത്തിൽ നൽകുന്നു . പ്രോസ്പെക്ടസിനു വിധേയമായി അപേക്ഷ സ്വീകരിച്ച് ആയതിൽ നിന്നും രണ്ടു പേരെ തെരഞ്ഞെടുത്ത് ആയതിന്റെ ശിപാർശ ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം, ജനറൽ ഹോസ്പിറ്റൽ ജംഗ്ഷൻ, വഞ്ചിയൂർ പി.ഒ., തിരുവനന്തപുരം, പിൻ – 695035 എന്ന വിലാസത്തിലും പകർപ്പ് അതാത് നഴ്സിംഗ് സ്കൂൾ പ്രിൻസിപ്പൽമാർക്കും സമർപ്പിക്കേണ്ടതാണ്.

## 5. സംവരണം ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ

### 5.1. സ്റ്റേറ്റ് മെറിറ്റ് (SM)

അപേക്ഷകർ ഏത് വിഭാഗത്തിൽ / സമുദായത്തിൽപ്പെട്ടവരാണെന്ന് പരിഗണിക്കാതെ സംസ്ഥാന മെറിറ്റിന് (SM) കീഴിലുള്ള സീറ്റുകൾ പൂർണ്ണമായും മെറിറ്റ് അടിസ്ഥാനത്തിൽ നികത്തും. റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള എല്ലാ അപേക്ഷകർക്കും സ്റ്റേറ്റ് മെറിറ്റ് (SM) പ്രകാരം അലോട്ട്മെന്റിന് അർഹതയുണ്ട്. എന്നാൽ എസ്.ഇ.ബി.സി. / എസ് .സി. / എസ്.ടി. സംവരണ ആനുകൂല്യമില്ലാത്ത അപേക്ഷകനെ ലഭ്യമായ സ്റ്റേറ്റ് മെറിറ്റ് സീറ്റുകളിൽ മാത്രമേ പരിഗണിക്കു . അത്തരം അപേക്ഷകർക്ക് സീറ്റുകളുടെ ലഭ്യത അനുസരിച്ച് സീറ്റ് അനുവദിക്കും.

### 5.2. മുന്നാക്ക വിഭാഗങ്ങളിൽ സാമ്പത്തികമായി പിന്നാക്കം നില്ക്കുന്ന വിഭാഗം (EWS)

EWS സംവരണം ലഭിക്കുന്നതിന് ബന്ധപ്പെട്ട വില്ലേജ് ഓഫീസറിൽ നിന്ന് ലഭിച്ച സർട്ടിഫിക്കറ്റ് അപേക്ഷകർ സമർപ്പിക്കണം. ജി.ഒ (എം.എസ്) നമ്പർ 2/2020 / പി & എ.ആർ.ഡി, തീയതി 12/02/2020 പ്രകാരം ഇ.ഡബ്ല്യൂ.എസ് വിഭാഗം ഉദ്യോഗാർത്ഥികളുടെ വാർഷിക കുടുംബ വരുമാനം 4,00,000/- (നാല് ലക്ഷം) രൂപയിൽ കവിയാൻ പാടില്ല. അന്ത്യോദയ അന്നയോജന, പ്രയോറിറ്റി ഹൗസ് ഹോൾഡ് (മുൻഗണനാ വിഭാഗം) റേഷൻ കാർഡിൽ ഉൾപ്പെടുന്ന EWS അപേക്ഷകർക്ക് വരുമാന പരിധിയില്ല.

### 5.3. സാമൂഹികമായും വിദ്യാഭ്യാസപരമായും പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങൾ (SEBC)

സാമൂഹികമായും വിദ്യാഭ്യാസപരമായും പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങൾക്കുള്ള സംവരണം G.O. (P) 208/66/Edn., തീയതി 02.05.1966, G.O. (MS) No. 95/08/SCSTDD, തീയതി 06/10/2008, G.O (MS) No. 10/2014/BCDD, തീയതി 23/05/2014, G.O.(P) No.1/2015/BCDD, തീയതി 01/01/2015 എന്നീ ഉത്തരവുകളിൽ അടങ്ങിയിരിക്കുന്ന വ്യവസ്ഥകൾക്ക് അനുസൃതവും കാലാകാലങ്ങളിൽ ഭേദഗതി ചെയ്യപ്പെടുന്നതുമായിരിക്കും. കൂടാതെ ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെയോ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെയോ കേരള സർക്കാരിന്റെയോ ഉത്തരവുകൾക്കും അനുസൃതമായിരിക്കും.

സാമൂഹികമായും വിദ്യാഭ്യാസപരമായും പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങളിൽ ഉൾപ്പെടുന്ന അപേക്ഷകർ നോൺ-ക്രീമി ലയർ സർട്ടിഫിക്കറ്റിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്.

ബന്ധപ്പെട്ട ജാതികളുടെയും സമുദായങ്ങളുടെയും പേരുകൾ അനുബന്ധം III (e) - ൽ നൽകിയിരിക്കുന്നു.

#### 5.3.1. മിശ്രജാതി വിവാഹിതരായ ദമ്പതികളുടെ മക്കൾക്ക് എസ്ഇബിസി പ്രകാരമുള്ള സംവരണം

എസ്ഇബിസി പട്ടികയിൽ ഉൾപ്പെട്ട ഒരു സമുദായത്തിൽപ്പെട്ട പിതാവോ മാതാവോ അല്ലെങ്കിൽ എസ്ഇബിസി പട്ടികയിൽ ഉൾപ്പെട്ട വിവിധ സമുദായങ്ങളിൽ നിന്നുള്ള അച്ഛനും അമ്മയും ഉള്ള മിശ്രജാതി വിവാഹിതരായ ദമ്പതികളുടെ കുട്ടികൾക്ക് എസ്ഇബിസി പ്രകാരം സംവരണത്തിന് അർഹതയുണ്ട്. അത്തരം അപേക്ഷകർ അപേക്ഷകന്റെ കമ്മ്യൂണിറ്റി വ്യക്തമാക്കുന്ന നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റും ഇന്റർ-കാസ്റ്റ് മാര്യേജ് സർട്ടിഫിക്കറ്റും നൽകണം. ആപ്ലിക്കേഷനിൽ നൽകിയ ക്ലെയിം അന്തിമമായിരിക്കും, പിന്നീട് മാറ്റാൻ കഴിയുന്നതല്ല.

**5.4. പട്ടിക ജാതിയും പട്ടിക വർഗ്ഗവും**

പട്ടികജാതി/ പട്ടികവർഗ ക്വോട്ട പ്രകാരം സംവരണം അവകാശപ്പെടുന്ന അപേക്ഷകർ തഹസിൽദാരിൽ നിന്ന് നിർദ്ദിഷ്ട പ്രോഫോർമയിൽ കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റ് വാങ്ങി സമർപ്പിക്കണം.

ബന്ധപ്പെട്ട ജാതികളുടെയും സമുദായങ്ങളുടെയും പേരുകൾ അനുബന്ധം III (a), III (b) എന്നിവയിൽ നൽകിയിരിക്കുന്നു.

**5.4.1. മിശ്രജാതി വിവാഹിതരായ ദമ്പതികളുടെ മക്കൾക്ക് പട്ടികജാതി/പട്ടികവർഗ പ്രകാരമുള്ള സംവരണം**

മാതാപിതാക്കൾ മിശ്രവിവാഹം ചെയ്ത കുട്ടികളുടെ പട്ടികജാതി/പട്ടികവർഗ പദവി GO (MS) No.25/2005/SCSTDD, തീയതി 20.06.2005, WP(C) 2483/2005 ന്റെ 10.08.2005 ലെ ബഹു. ഹൈക്കോടതി വിധി, G.O (MS) No.109/2008/SCSTDD, തീയതി 20.11.2008 എന്നീ ഉത്തരവുകൾക്ക് / വിശദീകരണങ്ങൾക്ക് വിധേയമായിരിക്കും.

മിശ്രജാതി വിവാഹിതരായ ദമ്പതികളുടെ മക്കളായ പട്ടികജാതി /പട്ടികവർഗ സംവരണം അവകാശപ്പെടുന്നവർ ജാതി/സമുദായം കാണിക്കുന്ന ഒന്നാം ക്ലാസ് സ്കൂൾ പ്രവേശന രജിസ്റ്ററും എസ്.എസ്.എൽ.സി സർട്ടിഫിക്കറ്റിന്റെ പ്രസക്തമായ പേജും സമർപ്പിക്കണം. കേരള എസ്.എസ്.എൽ.സി സ്കീമിൽ നിന്നുള്ളയാളല്ലെങ്കിൽ രക്ഷിതാക്കളുടെ സ്കൂൾ ലീവിംഗ് സർട്ടിഫിക്കറ്റിന്റെ പ്രസക്തമായ പേജ് സമർപ്പിക്കണം.

**5.4.2. പട്ടികജാതി/പട്ടികവർഗ അപേക്ഷകർ ലഭ്യമല്ലാത്ത സീറ്റുകളിലേക്ക് ഒഇസി അപേക്ഷകരുടെ അവകാശം**

06.05.1987 ലെ G.O. (P) No.135/87/H.Edn. പ്രകാരം എസ്.സി/എസ്.ടി ക്വാട്ടയിൽ അപേക്ഷകർ ലഭ്യമല്ലാത്ത സാഹചര്യത്തിൽ യോഗ്യതയുള്ള മറ്റ് കമ്മ്യൂണിറ്റി (OEC) അപേക്ഷകർക്ക് അർഹതയുണ്ട്. അപേക്ഷയിൽ അവരുടെ കമ്മ്യൂണിറ്റി വ്യക്തമാക്കണം . അത്തരം അപേക്ഷകർ 01.01.2015 തീയതിയിലെ G.O. (P) 1/2015/BCDD പ്രകാരം ബന്ധപ്പെട്ട വില്ലേജ് ഓഫീസറിൽ നിന്ന് ലഭിച്ച നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ് സമർപ്പിക്കണം.

ബന്ധപ്പെട്ട ജാതികളുടെയും സമുദായങ്ങളുടെയും പേരുകൾ അനുബന്ധം III (c), III (d) എന്നിവയിൽ നൽകിയിരിക്കുന്നു.

**5.5. സംവരണം സംബന്ധിച്ച മറ്റു നിബന്ധനകൾ**

5.5.1. പട്ടികജാതി അപേക്ഷകർ ലഭ്യമല്ലാത്ത സാഹചര്യത്തിൽ ആ സീറ്റുകൾ പട്ടികവർഗക്കാർക്കും പട്ടികവർഗ അപേക്ഷകർ ലഭ്യമല്ലാത്ത സാഹചര്യത്തിൽ ആ സീറ്റുകൾ പട്ടികജാതിക്കാർക്കും ലഭിക്കും. പട്ടികജാതി/പട്ടികവർഗ അപേക്ഷകർ ലഭ്യമല്ലാത്ത സാഹചര്യത്തിൽ ആ സീറ്റുകൾ മറ്റു യോഗ്യതയുള്ള വിഭാഗക്കാർ (OEC)ക്കു ലഭിക്കും . OEC വിഭാഗക്കാരും ലഭ്യമല്ലാത്ത സാഹചര്യത്തിൽ ആ സീറ്റുകൾ സ്റ്റേറ്റ് മെറിറ്റിൽ നിന്ന് നികത്തും.

5.5.2. SEBC വിഭാഗക്കാർ ലഭ്യമല്ലാത്ത സാഹചര്യത്തിൽ ആ സീറ്റുകൾ സ്റ്റേറ്റ് മെറിറ്റിൽ നിന്ന് നികത്തും.

5.5.3. EWS വിഭാഗക്കാർ ലഭ്യമല്ലാത്ത സാഹചര്യത്തിൽ ആ സീറ്റുകൾ സ്റ്റേറ്റ് മെറിറ്റിൽ നിന്ന് നികത്തും.

## 6. പ്രവേശനത്തിനുള്ള യോഗ്യതാ മാനദണ്ഡങ്ങൾ

### 6.1. വിദ്യാഭ്യാസ യോഗ്യത

i. ഫിസിക്സ്, കെമിസ്ട്രി, ബയോളജി എന്നിവ ഓപ്ഷണൽ വിഷയങ്ങളായും ഇംഗ്ലീഷ് നിർബന്ധിത വിഷയമായും പ്ലസ് ടു അഥവാ തത്തുല്യ പരീക്ഷ കുറഞ്ഞത് 40% മാർക്കോടെ വിജയിച്ചിരിക്കണം.
ii. പ്ലസ് ടു സയൻസ് പഠിച്ചവരുടെ അഭാവത്തിൽ മറ്റു വിഷയങ്ങളിൽ പ്ലസ് ടു വിജയിച്ചവരുടെ അപേക്ഷ പരിഗണിക്കുന്നതാണ്.
iii. പ്ലസ് ടു യോഗ്യതക്കു ശേഷം എ .എൻ.എം. കോഴ്സ് വിജയകരമായി പൂർത്തിയാക്കിയ രജിസ്റ്റേർഡ് എ.എൻ.എം. നഴ്സുമാർ അപേക്ഷിക്കാൻ അർഹരാണ്.

അപേക്ഷ സമർപ്പിക്കുന്നതിനുള്ള വിജ്ഞാപനത്തിൽ വ്യക്തമാക്കിയ അവസാന തീയതിക്കോ അതിനുമുമ്പോ അപേക്ഷകർ വിദ്യാഭ്യാസ യോഗ്യത നേടിയിരിക്കണം.

### 6.1.1. മാർക്കിൽ ഇളവ്

(i) എല്ലാ കോഴ്സുകൾക്കും, സാമൂഹികമായും വിദ്യാഭ്യാസപരമായും പിന്നോക്കം നിൽക്കുന്ന (SEBC) വിഭാഗങ്ങളിൽ പെട്ട അപേക്ഷകർക്ക് G.O. (P) No. 208/66/Edn., തീയതി 02.05.1966, G.O. (MS) No.95/08/SCSTDD, തീയതി 06.10.2008, അവയുടെ ഭേദഗതികൾ പ്രകാരം യോഗ്യതാ പരീക്ഷയിൽ 5% മാർക്കിന്റെ ഇളവ് ഉണ്ടായിരിക്കും. അവർക്ക് 35% മാർക്ക് മതി.

(ii) പട്ടികജാതി-പട്ടികവർഗ അപേക്ഷകർ യോഗ്യതാ പരീക്ഷയിൽ വിജയിച്ചാൽ മതി.

(iii) എസ്സി/എസ്ടി ക്വോട്ടയിലെ ലഭ്യമല്ലാത്ത സീറ്റുകളിൽ അലോട്ട് ചെയ്താലും എസ്ഇബിസി അപേക്ഷകർക്ക് ലഭിക്കുന്ന മാർക്ക് ഇളവ് (5%) മാത്രമേ ഒഇസി അപേക്ഷകർക്ക് ബാധകമാകൂ.

(iv) ഭിന്നശേഷി ക്വാട്ടയിലെ അപേക്ഷകർക്ക് പ്രവേശനത്തിന് ആവശ്യമായ ഏറ്റവും കുറഞ്ഞ മാർക്ക് പൊതുവിഭാഗത്തിന് നിർദ്ദേശിച്ചിരിക്കുന്നതിനേക്കാൾ 5% കുറവായിരിക്കും.

### 6.2. പ്രായപരിധി

അപേക്ഷകർക്ക് 2024 ഡിസംബർ 31 ന് 17 വയസിൽ കുറയുവാനോ 35 വയസിൽ കൂടുവാനോ പാടില്ല. എസ്.ഇ.ബി.സി. വിഭാഗക്കാർക്ക് 3 വയസും പട്ടികജാതി/പട്ടികവർഗ വിഭാഗക്കാർക്കും പട്ടികജാതിയിൽ നിന്നും പ്രായപൂർത്തിയായതിനു ശേഷം മതപരിവർത്തനം ചെയ്തിട്ടുള്ളവർക്കും അവരുടെ സന്താനങ്ങൾക്കും 5 വയസും ഉയർന്ന പ്രായപരിധിയിൽ ഇളവ് അനുവദിക്കുന്നതാണ്.

### 6.3. നേറ്റിവിറ്റി

പ്രത്യേകം വിജ്ഞാപനം ചെയ്തിട്ടില്ലാത്ത പക്ഷം ഇന്ത്യൻ പൗരന്മാർക്ക് മാത്രമേ പ്രൊഫഷണൽ കോഴ്സുകളിൽ പ്രവേശനത്തിന് അർഹതയുള്ളൂ. പേഴ്സൺസ് ഓഫ് ഇന്ത്യൻ ഒറിജിൻ (PIO) കാർഡുകൾ / ഓവർസീസ് സിറ്റിസൺ ഓഫ് ഇന്ത്യ (OCI) എന്നിവ കൈവശമുള്ളവരെയും പ്രവേശനത്തിന്റെ പരിമിതമായ ആവശ്യത്തിനായി ഇന്ത്യൻ പൗരന്മാർക്ക് തുല്യമായി പരിഗണിക്കും. എന്നിരുന്നാലും, PIO / OCI അപേക്ഷകർക്ക് ഏതെങ്കിലും തരത്തിലുള്ള സംവരണത്തിന് അർഹതയില്ല.

കോഴ്സുകളിലേക്ക് പ്രവേശനം തേടുന്ന അപേക്ഷകരെ കേരളീയർ , കേരളീയരല്ലാത്തവർ കാറ്റഗറി 1 (എൻകെ–1), കേരളീയരല്ലാത്തവർ കാറ്റഗറി 2 (എൻകെ–2) എന്നിങ്ങനെ തരംതിരിക്കും.

**6.3.1. കേരളീയർ**

കേരള വംശജരായ അപേക്ഷകരെ കേരളീയർ എന്ന് തരംതിരിക്കും. ഇവരെ സ്റ്റേറ്റ് മെറിറ്റ്, സാമുദായിക / പ്രത്യേക / ഭിന്നശേഷി സംവരണ സീറ്റുകളിലേക്ക് പരിഗണിക്കും. 29.05.2008 ലെ G.O. (Rt) No.822/08/H.Edn പ്രകാരം കേരള കേഡറിലേക്ക് അനുവദിച്ച ഓൾ ഇന്ത്യ സർവീസ് (എ.ഐ.എസ്) ഉദ്യോഗസ്ഥരുടെ (കേരളീയരല്ലാത്തവർ) കുട്ടികളെ കേരളീയർ ആയി കണക്കാക്കുന്നു. എന്നാൽ അവർക്ക് സാമുദായിക / പ്രത്യേക / ഭിന്നശേഷി സംവരണത്തിന് അർഹതയില്ല.

**6.3.2. കേരളീയരല്ലാത്തവർ കാറ്റഗറി 1 (എൻകെ–1)**

കേരള വംശജനല്ലാത്ത, എന്നാൽ ഇനിപ്പറയുന്ന വിഭാഗങ്ങളിൽ ഉൾപ്പെടുന്ന അപേക്ഷകനെ കേരളീയരല്ലാത്തവർ കാറ്റഗറി 1 (എൻകെ–1) ആയി തരംതിരിക്കും.

(എ) കേരളത്തിൽ യോഗ്യതാ കോഴ്സ് പൂർത്തിയാക്കിയിട്ടുള്ളതും കേരളത്തിൽ ജോലി ചെയ്യുന്ന ഇന്ത്യാ ഗവൺമെന്റ് / ഡിഫൻസ് സർവീസിൽ നിന്നുള്ള കേരളീയരല്ലാത്ത മാതാപിതാക്കളുടെ മകൻ / മകൾ ആയ അപേക്ഷകൻ. ഉദ്യോഗാർത്ഥിയുടെ രക്ഷിതാവ് (ജീവനക്കാരൻ) സേവനമനുഷ്ഠിക്കുന്ന സ്ഥാപനത്തിന്റെ മേധാവിയിൽ നിന്ന് നിശ്ചിത ഫോർമാറ്റിൽ സർട്ടിഫിക്കറ്റ് സമർപ്പിക്കണം. കൂടാതെ നേറ്റിവിറ്റി നിബന്ധന നിറവേറ്റുന്നതിനായി കേരളത്തിൽ യോഗ്യതാ കോഴ്സ് നടത്തിയ സ്ഥാപന മേധാവിയിൽ നിന്ന് പതിനൊന്നാം ക്ലാസിലും പന്ത്രണ്ടാം ക്ലാസിലും കേരളത്തിൽ സ്കൂൾ പഠനം നടത്തിയെന്ന് കാണിക്കുന്ന സർട്ടിഫിക്കറ്റ് സമർപ്പിക്കണം.

(ബി) കേരളത്തിൽ യോഗ്യതാ കോഴ്സ് പൂർത്തിയാക്കിയവരും കുറഞ്ഞത് രണ്ട് വർഷമെങ്കിലും കേരള സർക്കാരിൽ സേവനമനുഷ്ഠിച്ച / സേവനമനുഷ്ഠിക്കുന്ന കേരളീയരല്ലാത്ത മാതാപിതാക്കളുടെ മകൻ / മകൾ ആയ അപേക്ഷകൻ. ഉദ്യോഗാർത്ഥിയുടെ രക്ഷിതാവ് (ജീവനക്കാരൻ) സേവനമനുഷ്ഠിക്കുന്ന സ്ഥാപനത്തിന്റെ മേധാവിയിൽ നിന്ന് നിശ്ചിത ഫോർമാറ്റിൽ സർട്ടിഫിക്കറ്റ് സമർപ്പിക്കണം. കൂടാതെ നേറ്റിവിറ്റി നിബന്ധന നിറവേറ്റുന്നതിനായി കേരളത്തിൽ യോഗ്യതാ കോഴ്സ് നടത്തിയ സ്ഥാപന മേധാവിയിൽ നിന്ന് പതിനൊന്നാം ക്ലാസിലും പന്ത്രണ്ടാം ക്ലാസിലും കേരളത്തിൽ സ്കൂൾ പഠനം നടത്തിയെന്ന് കാണിക്കുന്ന സർട്ടിഫിക്കറ്റ് സമർപ്പിക്കണം.

(സി) കേരള വംശജനല്ലാത്ത, എന്നാൽ 12 വർഷത്തെ പഠന കാലയളവിനുള്ളിൽ 5 വർഷമായി കേരള സംസ്ഥാനത്ത് താമസിക്കുന്ന അപേക്ഷകൻ. അപേക്ഷകൻ 12 വർഷത്തെ പഠന കാലയളവിനുള്ളിൽ അഞ്ച് വർഷത്തേക്ക് കേരളത്തിൽ താമസിക്കുന്നയാളാണെന്ന് വില്ലേജ് ഓഫീസർ / തഹസിൽദാർ എന്നിവരിൽ നിന്ന് നിർദ്ദിഷ്ട ഫോർമാറ്റിലുള്ള താമസ സർട്ടിഫിക്കറ്റ് സമർപ്പിക്കണം.

(ഡി) കേരള വംശജനല്ലാത്ത, എന്നാൽ എട്ടാം ക്ലാസ് മുതൽ പന്ത്രണ്ടാം ക്ലാസ് വരെ കേരളത്തിൽ സ്കൂൾ പഠനം നടത്തിയിട്ടുള്ള അപേക്ഷകൻ. എട്ടാം ക്ലാസ് മുതൽ പന്ത്രണ്ടാം ക്ലാസ് വരെ കേരളത്തിലെ സ്കൂളുകളിൽ സ്കൂൾ പഠനം പൂർത്തിയാക്കിയിട്ടുള്ള മലയാളികളല്ലാത്ത അപേക്ഷകരുടെ കാര്യത്തിൽ എട്ടാം ക്ലാസ് മുതൽ പന്ത്രണ്ടാം ക്ലാസ് വരെയുള്ള കേരളത്തിലെ സ്കൂൾ വിദ്യാഭ്യാസം തെളിയിക്കുന്ന സർട്ടിഫിക്കറ്റ് കേരളത്തിലെ വിദ്യാഭ്യാസ സ്ഥാപന മേധാവികളിൽ നിന്ന് സമർപ്പിക്കണം.

സമർപ്പിക്കേണ്ട സർട്ടിഫിക്കറ്റുകളുടെ മാതൃക അനുബന്ധം IV –ൽ നൽകിയിരിക്കുന്നു.

കേരളീയരല്ലാത്ത കാറ്റഗറി 1 അപേക്ഷകരെ 'സ്റ്റേറ്റ് മെറിറ്റ്' സീറ്റുകളിലേക്ക് പരിഗണിക്കും. എന്നാൽ അവർക്ക് സാമുദായിക / പ്രത്യേക / ഭിന്നശേഷി സംവരണത്തിനോ ഫീസ് ഇളവിനോ അർഹതയില്ല.

### 6.3.3. കേരളീയരല്ലാത്തവർ കാറ്റഗറി 2 [എൻ.കെ 2]

'കേരളീയർ' അല്ലെങ്കിൽ 'കേരളീയരല്ലാത്തവർ കാറ്റഗറി 1' എന്നിവയിൽ ഉൾപ്പെടാത്ത അപേക്ഷകരെ 'കേരളീയരല്ലാത്തവർ കാറ്റഗറി 2' ആയി തരംതിരിക്കും. 'സ്റ്റേറ്റ് മെറിറ്റ്' സീറ്റുകളിലേക്കുള്ള പ്രവേശനത്തിന് അവർക്ക് അർഹതയില്ല, സാമുദായിക / പ്രത്യേക / ഭിന്നശേഷി സംവരണ സീറ്റുകളിലേക്കുള്ള പ്രവേശനത്തിനും അവരെ പരിഗണിക്കില്ല.

### 7. അപേക്ഷിക്കേണ്ട വിധം

അപേക്ഷാ ഫോമും പ്രോസ്പെക്ടസും ആരോഗ്യ വകുപ്പ് ഡയറക്ടറുടെ വെബ്സൈറ്റിൽ (https://dhs.kerala.gov.in/) ലഭ്യമാണ്. വെബ്സൈറ്റിൽ നിന്ന് ഡൌൺലോഡ് ചെയ്തെടുത്ത് പൂരിപ്പിച്ച അപേക്ഷകൾ അനുബന്ധ സർട്ടിഫിക്കറ്റുകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സഹിതം നിശ്ചിത സമയപരിധിക്കുള്ളിൽ പ്രവേശനം ആഗ്രഹിക്കുന്ന നഴ്സിംഗ് സ്കൂളിൽ ലഭിച്ചിരിക്കണം. അപേക്ഷ അയക്കുന്ന കവറിന്റെ മുൻവശത്ത് മുകൾ ഭാഗത്ത് '2024 ലെ GNM കോഴ്സിനുള്ള അപേക്ഷ ' എന്നും താഴെ ഇടതു ഭാഗത്ത് അപേക്ഷകന്റെ പേരും മേൽവിലാസവും വ്യക്തമായി എഴുതിയിരിക്കണം . വൈകിയതോ അപൂർണ്ണമായതോ ആയ അപേക്ഷകളോ, സർട്ടിഫിക്കറ്റുകളോ, അവയിൽ വന്ന പോയിട്ടുള്ള പോരായ്മകളെപ്പറ്റിയുള്ള കത്തിടപാടുകളോ ഒരു കാരണവശാലും പരിഗണിക്കുകയില്ല . ഏതെങ്കിലും കാരണത്താൽ നിരസിക്കപ്പെടുന്ന അപേക്ഷകൾ പുനഃപരിശോധിക്കുന്നതിനുള്ള അപേക്ഷകളും പരാതികളും പരിഗണിക്കുന്നതല്ല.

അപേക്ഷകൾ അയക്കേണ്ട വിലാസം അനുബന്ധം VI ആയി ചേർത്തിരിക്കുന്നു. <u>അപേക്ഷകർ ഏതെങ്കിലും ഒരു ജില്ലയിലേക്ക് മാത്രമേ അപേക്ഷിക്കുവാൻ പാടുള്ളൂ.</u> ഒന്നിലധികം നഴ്സിംഗ് സ്കൂളുകളിൽ അപേക്ഷിച്ചാൽ പ്രസ്തുത അപേക്ഷകന്റെ എല്ലാ അപേക്ഷകളും നിരുപാധികം നിരസിക്കും. എന്നാൽ ആശ്രാമം SC/ST നഴ്സിംഗ് സ്കൂളിൽ അപേക്ഷിക്കുന്ന വിദ്യാർത്ഥികൾക്ക് ഏതെങ്കിലും ഒരു ജില്ലയിൽ കൂടെ അപേക്ഷിക്കാവുന്നതാണ്.

### 7.1. അപേക്ഷാ ഫീസ്

അപേക്ഷയോടൊപ്പം അപേക്ഷാ ഫീസായി **250 രൂപ** 0210-80-800-88 എന്ന ശീർഷകത്തിൽ ട്രഷറിയിൽ അടച്ച ഒറിജിനൽ ചലാനും സമർപ്പിക്കണം . പട്ടികജാതി/പട്ടികവർഗ്ഗത്തിൽ പെട്ടവർ അപേക്ഷാ ഫീസായി **75 രൂപ** അടച്ചാൽ മതിയാകും.

7.1.1. കൊല്ലം ആശ്രാമത്ത് പ്രവർത്തിക്കുന്ന പട്ടികജാതി പട്ടികവർഗ വിദ്യാർത്ഥികൾക്കു മാത്രമായുള്ള നഴ്സിംഗ് സ്കൂളിലേക്ക് അപേക്ഷിക്കുന്നവർ മറ്റേതെങ്കിലും നഴ്സിംഗ് സ്കൂളിലും അപേക്ഷ സമർപ്പിക്കുന്ന പക്ഷം വെവ്വേറെ ഫീസ് അടച്ച് വെവ്വേറെ അപേക്ഷകൾ സമർപ്പിക്കേണ്ടതാണ്.

### 7.2. അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട സർട്ടിഫിക്കറ്റുകൾ

1. ജനനത്തീയതി തെളിയിക്കുന്നതിന് എസ്.എസ്.എൽ.സി. / തത്തുല്യ സർട്ടിഫിക്കറ്റിന്റെ പ്രസക്തമായ പേജിന്റെ പകർപ്പ് (നിർബന്ധം).

2. യോഗ്യതാ പരീക്ഷയുടെ മാർക്ക് ലിസ്റ്റിന്റെ പകർപ്പ് (നിർബന്ധം).

3. സ്പെഷ്യൽ റിസർവേഷൻ / ഫീസ് ഇളവിനുള്ള ഏതെങ്കിലും ക്ലെയിമിനെ പിന്തുണയ്ക്കുന്ന സർട്ടിഫിക്കറ്റുകളുടെ പകർപ്പ് (ബാധകമെങ്കിൽ).

4. പട്ടികജാതി/പട്ടികവർഗ അപേക്ഷകരുടെ കാര്യത്തിൽ തഹസിൽദാരിൽ നിന്ന് ലഭിച്ച കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റിന്റെ പകർപ്പ് (ബാധകമെങ്കിൽ).

5. എസ്.ഇ.ബി.സി/ഒ.ഇ.സി അപേക്ഷകരുടെ കാര്യത്തിൽ കമ്മ്യൂണിറ്റി സംവരണ ക്ലെയിമുകൾക്കായി ബന്ധപ്പെട്ട വില്ലേജ് ഓഫീസറിൽ നിന്ന് നിർദ്ദിഷ്ട ഫോർമാറ്റിൽ സംസ്ഥാന സർക്കാർ വിദ്യാഭ്യാസ ആവശ്യത്തിനുള്ള നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റിന്റെ പകർപ്പ് (ബാധകമെങ്കിൽ).

6. തഹസിൽദാറിൽ നിന്നുള്ള മിശ്രജാതി വിവാഹ സർട്ടിഫിക്കറ്റിന്റെ പകർപ്പ് (ബാധകമെങ്കിൽ).

7. ഭിന്നശേഷിക്കാർക്ക് ജില്ലാ മെഡിക്കൽ ബോർഡിൽ നിന്ന് ലഭിച്ച മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ പകർപ്പ് (ബാധകമെങ്കിൽ).

8. കേരളീയർ എന്ന വിഭാഗത്തിൽപ്പെട്ട അപേക്ഷകർക്ക് നേറ്റിവിറ്റി തെളിയിക്കുന്നതിന് SSLC സർട്ടിഫിക്കറ്റിന്റെ ജനനസ്ഥലം രേഖപ്പെടുത്തിയിട്ടുള്ള പേജിന്റെ പകർപ്പ് / പാസ്സ്പോർട്ടിന്റെ ജനനസ്ഥലം രേഖപ്പെടുത്തിയിട്ടുള്ള പേജിന്റെ പകർപ്പ് / ജനന സർട്ടിഫിക്കറ്റിന്റെ പകർപ്പ് / നേറ്റിവിറ്റി സർട്ടിഫിക്കറ്റിന്റെ പകർപ്പ് / ഉദ്യോഗാർത്ഥിയുടെ രക്ഷിതാവ് കേരള കേഡറിലേക്ക് അനുവദിച്ച അഖിലേന്ത്യാ സർവീസ് ഉദ്യോഗസ്ഥനാണെന്ന് കാണിക്കുന്ന സർട്ടിഫിക്കറ്റിന്റെ പകർപ്പ് (ബാധകമെങ്കിൽ).

9. കേരളീയരല്ലാത്തവർ കാറ്റഗറി 1 (എൻകെ-1) വിഭാഗത്തിൽ ഉൾപ്പെട്ടവർക്ക് നേറ്റിവിറ്റി തെളിയിക്കുന്നതിന് അനുബന്ധം IV -ൽ നൽകിയിരിക്കുന്ന സർട്ടിഫിക്കറ്റുകളുടെ പകർപ്പ് (ബാധകമെങ്കിൽ).

## 8. റാങ്ക് ലിസ്റ്റ് തയ്യാറാക്കൽ

പ്ലസ് ടു അഥവാ തത്തുല്യ പരീക്ഷയിൽ ഫിസിക്സ് , കെമിസ്ട്രി, ബയോളജി വിഷയങ്ങൾ മൂന്നിനും കൂടെ ലഭിച്ച ആകെ മാർക്ക് 600 മാർക്കിൽ കണക്കാക്കി അതിന്റെ അടിസ്ഥാനത്തിൽ ജില്ലാ തലത്തിൽ റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതാണ്. ഫിസിക്സ്, കെമിസ്ട്രി, ബയോളജി വിഷയങ്ങൾ പഠിച്ചവരുടെ അഭാവത്തിൽ പരിഗണിക്കുന്ന മറ്റു വിഷയങ്ങൾ പഠിച്ചവർക്ക് അവർ പഠിച്ച ഐച്ഛിക വിഷയങ്ങളുടെ ആകെ മാർക്ക് 600 മാർക്കിൽ കണക്കാക്കുന്നതാണ്.

### 8.1. സെലക്ഷൻ കമ്മിറ്റി

ജില്ലാ മെഡിക്കൽ ഓഫീസർ അധ്യക്ഷനായുള്ള സെലക്ഷൻ കമ്മിറ്റി ഓരോ നഴ്സിംഗ് സ്കൂളിലും കൂടുകയും അപേക്ഷകൾ പരിശോധിച്ച് റാങ്ക് ലിസ്റ്റ് തയ്യാറാക്കുകയും ചെയ്യുന്നതാണ്. .

### 8.2. റാങ്കിംഗ് സമയത്ത് സമനില പരിഹരിക്കൽ

റാങ്കിംഗിനായി കണക്കാക്കിയ മൊത്തം മാർക്കിൽ സമനില ഉണ്ടായാൽ, ബയോളജിയിൽ ഉയർന്ന മാർക്ക് നേടിയ അപേക്ഷകർ റാങ്കിംഗിൽ ഉയർന്ന സ്ഥാനം നേടും. സമനില വീണ്ടും നിലവിലുണ്ടെങ്കിൽ, കെമിസ്ട്രിയിൽ ഉയർന്ന മാർക്ക് നേടിയ അപേക്ഷകർക്ക് റാങ്കിംഗിൽ ഉയർന്ന സ്ഥാനം ലഭിക്കും. സമനില വീണ്ടും നിലനിൽക്കുകയാണെങ്കിൽ, ഫിസിക്സിൽ ഉയർന്ന മാർക്ക് നേടിയ അപേക്ഷകൻ റാങ്കിംഗിൽ ഉയർന്ന സ്ഥാനം നേടും .

